(ബി) ഈ അദ്ധ്യയന വർഷം അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ തുറക്കുന്ന സമയം മുതൽ ഈ യാത്രാ സൗജന്യം അനുവദിക്കാൻ അനുമതി നൽകാതിരുന്നത് എന്തുകൊണ്ട് ;

(സി) കഴിഞ്ഞ അധ്യയന വർഷം കെ.എസ്.ആർ.ടി.സി. കൺസഷൻ ഉപയോഗിച്ചവർക്ക് കഴിഞ്ഞ വർഷം മാത്രമായി പ്രഖ്യാപിച്ച സൗജന്യ യാത്രാനുമതി നിജപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അറിയിപ്പിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഉദ്യോഗസ്ഥരുടേതായ ഇത്തരം നിബന്ധനകളൊഴിവാക്കി ഈ വർഷം മുതൽ എല്ലാ പ്ലസ് ടു തലം വരെയുള്ള കുട്ടികൾക്കും യാത്രാ സൗജന്യാനുമതി അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ഏകദേശം 1,32,000 വിദ്യാർത്ഥികൾക്ക്.

(ബി&സി) പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിച്ചുകൊണ്ട് 31-1-2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ചില അവ്യക്തതകൾ ഉണ്ടായിരുന്നതിനാലാണ് എല്ലാ വിദ്യാർത്ഥികൾക്കും ഈ അദ്ധ്യായന വർഷാരംഭം മുതൽ യാത്രാസൗജന്യം അനുവദിക്കാൻ കഴിയാതെവന്നത്. ഇതുസംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 31-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 4/2015/ഗതാ. എന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യനിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക്, 10 രൂപ ഈടാക്കിക്കൊണ്ട് വേണ്ടത്ര വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന ഒരു കാർഡ് അനുവദിച്ചുനൽകി. പൂർണ്ണമായും സൗജന്യയാത്ര അനുവദിച്ച് 10-6-2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അനധികൃത നിയമനം

340(344) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന മതിയായ യോഗ്യതയില്ലാത്തവർക്ക് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നല്കിയിരുന്നോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപ്രകാരം നിയമനം നൽകിയെങ്കിൽ ആയതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ഏതെല്ലാം കോടതികളിൽ കേസുകൾ നിലവിലുണ്ട് ; ആയത് സംബന്ധിച്ച കോടതി വിധികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ടി വിഷയം സംബന്ധിച്ച് ഒരു കോടതിയിലും കേസുകൾ നിലവിലുള്ളതായി അറിവില്ല. എന്നാൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയുടെ പ്രത്യേക ചട്ടങ്ങളിലെ ഭേദഗതിയുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ നമ്പർ. 3033/2013 ആയി നിലനിന്നിരുന്ന പൊതുകേസുകളിൽ 20-10-2014-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടി പ്രത്യേക ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ജി.ഒ (എം.എസ്) നമ്പർ 111/2013/ട്രാൻസ് ഉത്തരവ്, ടി തസ്തികയുടെ പ്രത്യേക ചട്ടങ്ങളിലെ ഭേദഗതിയ്ക്ക് വിധേയമായി നടപ്പിലാക്കാമെന്ന് വിധിച്ചിരുന്നു. ടി പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരാത്ത സാഹചര്യത്തിൽ 11-12-2013 തീയതിയിലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ നിയമനം നൽകിയ ജീവനക്കാരെ അവരുടെ മാതൃതസ്തികയിലേയ്ക്ക് തരംതാഴ്ത്തി നിയമിക്കാവുന്നതാണെന്നും ടി ഉത്തരവിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിഷ്കർഷിച്ചിരുന്നു. ഇതിനെതിരെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൽസ് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ച ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ഒ.പി.(കെ.എ.റ്റി) നമ്പർ 374, 375, 376, 377 ആയി അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. അപ്പീൽ ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞതിനെ തുടർന്ന് അവരെ മാതൃതസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്തിരുന്നു. ടി വിധിക്കെതിരെ അവർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പ്രത്യേകാനുമതി ഹർജി ഫയൽ ചെയ്യുകയുണ്ടായി. ബഹു. സുപ്രീംകോടതിയുടെ SLP നമ്പർ CC-5231-34/15-27-3-2015-ലെ ഉത്തരവ് പ്രകാരം അപ്പീൽ അപേക്ഷകർക്ക് സംസ്ഥാന സർക്കാർ മുമ്പാകെ നിവേദനം നൽകാൻ അനുമതി നൽകുകയും അത് നിയമപ്രകാരം പരിഗണിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

326/2021

LIBRARY ARCHIVES Kerala Legislative Assembly